"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം. ഡിഎ1/323/2020-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 24/12/2020

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കൊവിഡ് – 19 ന്റെ പശ്ചാത്തലത്തിൽ ഭിന്നശേഷി വിഭാഗക്കാർക്ക് ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന:-

1. 14.02.2018 ലെ സ.ഉ.(കൈ) നം.22/2018/തസ്വഭവ
2. 29.04.2020 ലെ സ.ഉ.(സാധാ) നം. 794/2020/തസ്വഭവ
3. 04.08.2020-ലെ സ.ഉ.(സാധാ) നം.1450/2020/തസ്വഭവ
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.20 ൽ നടന്ന യോഗത്തിന്റെ തീരുമാനം 3.6

***********************

കൊവിഡ് – 19 ന്റെ പശ്ചാത്തലത്തിൽ ഭിന്നശേഷി വിഭാഗക്കാർക്ക് സൂചന (1) മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ധനസഹായം നൽകുന്നതു സംബന്ധിച്ച് താഴെ പറയുന്ന സ്പഷ്ടീകരണം നൽകുന്നു -

1. ഭിന്നശേഷി വിഭാഗക്കാർക്ക് ധനസഹായം നൽകുന്ന പ്രോജക്ടിന് സൂചന (2), (3) സർക്കാർ ഉത്തരവുകളിൽ പറഞ്ഞിരിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതാണ്. നിലവിലെ ഭരണസമിതിയുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ ഗുണഭോക്താക്കളെ ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുത്തിട്ടില്ലായെങ്കിൽ പുതിയ ഭരണ സമിതി ചുമതലയേറ്റ് സൂചന (2), (3) സർക്കാർ ഉത്തരവുകൾ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുംവരെ 2019-20 ലെ ഗുണഭോക്തൃ ലിസ്റ്റിലുള്ള ഭിന്നശേഷിക്കാർക്ക് ഈ വർഷത്തേക്കുമാത്രം ധനസഹായം നൽകാൻ അനുമതി നൽകുന്നു.

2) മുകളിൽ പറഞ്ഞ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഭിന്നശേഷി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് സ്കൂളിൽ പോകുന്നില്ലായെങ്കിലും റ്റി.എ ഒഴിവാക്കി (സ്കൂൾ തുറന്നിട്ടില്ലാത്ത സാഹചര്യത്തിൽ) ബത്ത, സ്കോളർഷിപ്പ് അടക്കം മാർഗ്ഗരേഖ പ്രകാരമുള്ള ധനസഹായം നൽകാവുന്നതാണ്. സ്കൂൾ തുറക്കുന്ന മുറയ്ക്ക് റ്റി.എ.-യും നൽകാവുന്നതാണ്.

**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ.
ഗ്രാമ വികസന കമ്മീഷണർ.
ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ.
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും .
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ കോർപറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം .
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം .
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് .
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by SURESH KUMAR K
Date: 2020.12.24 15:01:48 IST
Reason: Approved

സെക്ഷൻ ഓഫീസർ.